# നാമ്പ്

## ഇ-മാഗസിൻ

## 2018-19



## ഗേൾസ് എച്ച് എസ് എസ് വളാഞ്ചേരി

# പാത്രാധിപസമിതി

**ചീഫ് പ്രൊമോട്ടർ**

**എം.മോഹൻദാസ്(പ്രിൻസിപ്പാൾ)**

**അസോ പ്രൊമോട്ടേഴ്സ്**

**മുഹമ്മദ് റഫി.എം.സി(SITC,kite master)**

**ലീല.എം.എ (kite mistress)**

**ചീഫ് എഡിറ്റർ**

**മുഷ്രിഫ.P (9A)**

**സബ് എഡിറ്റർ**

**റിസ്‌വാന ഷെറിൻ.N(9A)**

**അംഗങ്ങൾ**

**മുനവ്വിറ.P(9A)**

**ഫാത്തിമ ഫിദ.P.P(9A)**

**സാദിന സന.K.T(9B)**

**ഫത്തിമ സിനാന.K(9C)**

**അനീന.K.K(9D)**

# ആശംസ

പ്രിയപ്പെട്ട കുട്ടികളെ,

സർഗ്ഗവൈവിധ്യങ്ങൾ സുഗന്ധം പരത്തുന്ന വിവിധ തരം വേദികൾ സാംസ്കാരിക പാരമ്പര്യത്തിന് സംഭാവന നൽകാൻ കുട്ടികൾക്ക് കഴിയുന്നുണ്ട് എന്ന് ഇതിൽ നിന്നും മനസ്സിലാവുന്നു. പുതുമ എന്നത് മനിഷ്യരാശികൈവരിക്കുന്ന പുരോഗതിയുടെ പ്രധാന അടയാളമാണ്. നൂതനമാറ്റങ്ങളിലൂടെ വേണം കുട്ടികളുടെ കഴിവുകൾ വളർത്തേണ്ടത് . ആധുനികശാസ്ത്രസാങ്കേതികവിദ്യയുടെ ഉൽപത്തി കുട്ടികളിൽ ഉണ്ടാക്കുന്ന മാറ്റം അതിർവരമ്പില്ലാത്തതാണ്. ലിറ്റിൽ കൈറ്റ്സ്,കുട്ടികളിൽ വളരെയധികം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതിന് ഉത്തമ ഉദാഹരണമാണ് ഇത്തരത്തിലുള്ള സർഗ്ഗപ്രതിഭകളുടെ സൃഷ്ടികൾ.ഈ മൂല്യവത്തായ സൃഷ്ടിക്ക് എല്ലാവിധ ഭാവുകങ്ങളും എന്റെ കുട്ടികൾക്ക് ഞാൻ നേരുന്നു-

എന്ന്



സ്നേഹപൂർവ്വം

മോഹൻദാസ് മാസ്റ്റർ
പ്രിൻസിപ്പൽ

# ആശംസ

വളാഞ്ചേരി ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ ലിറ്റിൽകൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ "**നാമ്പ്**" വളരെ ഭംഗിയായിട്ടുണ്ട്. പി.ടി.എ യുടെ എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

എന്ന്

കുഞ്ഞാവ വാവാസ്

പി.ടി.എ പ്രസിഡന്റ്




# താളുകളിലൂടെ.........


| | | |
|---|---|---|
| 1 | ഭാരതീയന്റെ ഗാനം (കവിത) | 7 |
| 2 | അയാൾ (കഥ) | 10 |
| 3 | നെറ്റിലെ കയ്യടക്കം (ലേഖനം) | 11 |
| 4 | തെംസ്നദിയോട് (കവിത) | 14 |
| 5 | സ്വർഗത്തിലെ മാലാഖ (കഥ) | 16 |
| 6 | എന്റെ പൂമരം (കവിത) | 19 |
| 7 | പോൾ അലൻ (ജീവചരിത്രക്കുറിപ്പ്) | 21 |
| 8 | നാലിതൾപ്പൂവ് (കവിത) | 24 |
| 9 | വെണ്ണക്കൽ പ്രതിമ (കഥ) | 28 |

| | | |
|---|---|---|
| 10 | കാലം (വായനാക്കുറിപ്പ്) | 30 |
| 11 | പ്രധാന പഠനമുഹൂർത്തങ്ങൾ | 33 |

# ഭാരതീയന്റെ ഗാനം (കവിത)



**ന**മ്മൾ വിളിപ്പൂ ലോകത്തെ, സ്സഖി,
നമ്മൾ വിളിപ്പൂ കാലത്തെ!

ആദിത്യൻമുതലണുവരെ നീളും
ഭൂതപ്രേമവിപാകത്താൽ

സോമം നൊട്ടിയ നാവാൽക്കളമൃദു-
സാമം പാടിയ കണ്ഠത്താൽ

നമ്മൾ വിളിപ്പൂ ലോകത്തെ, സ്സഖി,
നമ്മൾ വിളിപ്പൂ കാലത്തെ,

***

മൃത്തിൽ,മനുഷ്യമനസ്സിൽ, കൊമ്പും
കുത്തി രമിക്കും ചൈതന്യം

ഞെട്ടിയുണർന്നെഴുനേൽപ്പൂ,തട്ടി-
പ്പൊട്ടിക്കുന്നൂ ശോകത്തെ.

റബ്ബറുരുക്കു സിമന്റും ടാറും
കുപ്പിച്ചില്ലും വാർണീഷും

പ്ലാസ്റ്റിക്കഭ്രവുമാസ്ബസ്റ്റോസും
പ്ലൈവുഡ്ഡും ചേർന്നിഴുകുമ്പോൾ,

നമ്മൾ നിണത്തുടുമേഘം പെയ്യും
മംഗളവേർപ്പിൽ കുളിരേൽക്കേ

നമ്മുടെ ഭാവന നെഞ്ചിൽ വരയ്ക്കും
സമ്മോഹനമാതൃകപോലെ

സൃഷ്ടിക്കുന്നു നാകത്തെ, പ്രിയ-
വിഷ്ടപസൗഖ്യവിതാനത്തെ,

ശിഷ്ടഗുണവാലി നടനംചെയ്യും
ഹൃഷ്ടജനപ്രാസാദത്തെ

നമ്മളുരുക്കാൽ കോൺക്രീറ്റാലും
ചങ്ങലെവെച്ചു തളയ്ക്കുന്നൂ

ദുർദ്ദമനദികളെ, യെന്നിട്ടവയുടെ
വിദ്യുച്ഛക്തിനകറക്കുന്നൂ.

വിസ്മയമയമാ ക്ഷീരം നൽകിയ
വിഭ്രമകരമൂർജ്ജസ്സാൻ

എങ്ങും ജീവശരീരത്തിന്മേൽ-
ത്തിങ്ങിയ മാറാവ്യസനങ്ങൾ

മന്ദമുണങ്ങിവരുന്നു,വയൽ മദ-
മന്ഥരലാസ്യം ചെയ്യുന്നു.

പാലാലകടവിൽത്താമരമലരിൽ-
പ്പള്ളിപിറന്നൊരു വധുപോലെ!

മണ്ടിയൊളിപ്പൂ ഹൃദയത്തെരുവിൽ-

ത്തെണ്ടും  നിഷ്ഠുരശാപങ്ങൾ,

പാതയിൽ നൊണ്ടിത്തേങ്ങിനടക്കും
പാപത്തിൽ പ്രതിരൂപങ്ങൾ!

പല്ലാലല്ല,നഖത്താലല്ല,
മിന്നും വാൾമുനയാലല്ല,

തീയലചിതറും തോക്കലല്ല,
പേയലറും നാക്കാലല്ല.

കലിയുഗനരസിംഹത്തെപ്പോലെ-
ക്കൽക്കികണക്കെയുമുളവായോ-

രണുബോമ്പാലല്ലതുതീർക്കും ശത-
ഗുണിതമൃഗപ്പായാലല്ല,

നമ്മൾ ജയിപ്പൂ ശോകത്തെ സ്സഖി,
നമ്മൾ രചിപ്പൂ നാഗത്തെ

**-അക്കിത്തം**

# അയാൾ (കഥ)



വാർദ്ധക്യം തന്ന ചാരുകസേരയിൽ അയാൾ ഒന്നുകൂടി കയറിയിരുന്നു.മുറുക്കുന്നതിനിടയിൽ തൊടിയ്ക്കു താഴെയുള്ള വയലിലേക്കു അയാൾ കണ്ണോടിച്ചു.ജെ.സി.ബി യുടെ മുരളലും ലോറികളുടെ പരക്കം പാച്ചിലും അയാളെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തുന്നത്. പുതിയൊരു ഹോസ്പിറ്റൽ നിർമാണത്തിനു വേണ്ടിയാണ് വയൽ നികത്തുന്നതെന്ന്ആരോ മറുപടി തന്നത് അയാൾ ഓർത്തു. പിന്നീട് അയാൾ എന്തൊക്കെയോ പിറുപിറുത്തു.ഈ വയൽ പണ്ടത്തെ പോലെ കൃഷി ചെയ്തിരുന്നെങ്കിൽ മറുനാട്ടിൽ വിളഞ്ഞവ അന്നമാക്കേണ്ട ഗതികേട് ഇന്നാട്ടുകാർക്ക് വരുമായിരുന്നോ? തമിഴ്നാട്ടിൽ രണ്ടു തരമാണത്രേ കൃഷി. കൃഷി നിർത്തി കൊല്ലങ്ങൾ കഴിഞ്ഞ വയലിൽ നല്ലത് അപ്പോളൊരു ഹോസ്പിറ്റൽ തന്നെയാണ്. അയാളിൽ അമർഷം മുളപ്പോട്ടാതിരുന്നില്ല. ഗെയിറ്റിനപ്പുറം വലിയ ബസ്സ് വന്നു നിന്നത് അയാളറിഞ്ഞു. പട്ടണത്തിലെ സ്കൂളിൽ പഠിക്കുന്ന പേരക്കുട്ടി എത്തിയെന്ന് അയാൾ മനസ്സിലാക്കി. കണ്ണടയെടുത്ത് തുടച്ചു  വീണ്ടും വയ്ക്കുന്നതിനിടക്ക് കുട്ടി കയറിവന്നു.അയാളെന്തോ പറയാൻ തുടങ്ങുന്നതിനു മുമ്പേ തന്നെ കുട്ടി അകത്തേക്ക് നടന്നിരുന്നു.അകത്ത് കാർട്ടൂൺ പരമ്പര തുടങ്ങിയത് അയാളെ ചിന്തകളിലേക്ക് തിരിച്ചു വിട്ടു.മുറ്റത്തു നിലയുറപ്പിക്കാതെ ഓടിനടന്നതും കൂട്ടുകാരൊന്നിച്ച് കുസൃതികളൊപ്പിച്ചതും കുളത്തിന്റെ തണുത്ത തെളിനീരിലേക്ക് ഊളിയിട്ടതും ചിന്തകളിലെപ്പോഴോ അയാൾ ഉറക്കത്തിലേക്ക് കണ്ണടച്ചു

# നെറ്റിലെ കയ്യടക്കം (ലേഖനം)

ഇന്റർനെറ്റ് ഉപയോഗിക്കാത്ത ഒരൊറ്റദിവസം പോലും ഇപ്പോൾ നമുക്കാർക്കുമുണ്ടാവില്ല, അല്ലേ? പഠനത്തിന്റെ ഭാഗമായും അല്ലാതെയുമൊക്കെ നാമിപ്പോൾ ഇന്റർനെറ്റ് ഇഷ്ടം പോലെ ഉപയോഗിക്കുന്നുണ്ട്. ഗെയ്മിങ്, പാട്ട്, സിനിമ, സോഷ്യൽമീഡിയ അത്യവശ്യം തിരച്ചിൽ എന്നിവയൊക്കെയാണ് ഉപയോഗത്തിൽ ഭൂരിഭാഗവും. സമൂഹത്തിൽ എന്ന പോലെ എല്ലാത്തര ആളുകളും വിഹരിക്കുന്ന സൈബറിടങ്ങളിൽ തികഞ്ഞ ജാഗ്രതയും കരുതലുമുണ്ടെങ്കിൽ , നിങ്ങളുടെ പഠനകാര്യങ്ങളിലും മറ്റും ഇത്രയേറെ സഹായിക്കുന്ന മറ്റൊരു ഉറവിടം ഇല്ല തന്നെ.സദുപയോഗങ്ങളിൽ ശ്രദ്ധപതിപ്പിച്ചാൽ ദുരുപയോഗത്തിന് സമയമുണ്ടാവില്ല.

## ഒളിക്കാനാകാത്ത ഇന്റർനെറ്റ്

മറ്റാരും കാണാതെ ഇന്റർനെറ്റിൽ നാം ചെയ്യുന്ന പ്രവർത്തനങ്ങൾ രഹസ്യമായിരിക്കുമെന്ന ധാരണ വേണ്ട. സൈബറിടങ്ങളിൽ ഒന്നും ഒളിക്കാനാകില്ല .നമ്മുടെ തിരച്ചിലുകൾ പോലും കൃത്യമായി രേഖപ്പെടുത്തപ്പെടുന്നുണ്ട്. ഇത് ബോധ്യപ്പെടാനായി നിങ്ങളുടെ ഗൂഗിൾ അകൗണ്ടിൽ ലോഗിൻ ചെയ്ത് myastivity.google.com/myastivity എന്നും വെബ് ബ്രൗസറിന്റെ അഡ്രസ്ബാറിൽ ടൈപ്പ് ചെയ്ത് സൈറ്റ് സന്ദർശിച്ചുനോക്കാവുന്നതെയുള്ളു.

ലോഗിൻ ചെയ്ത ആളുടെ ഇതുവരെയുള്ള എല്ല തിരച്ചിൽ ചരിത്രവും കൃത്യമായി അടുക്കിവച്ചിരിക്കുന്നതു കാണാം. സ്മാർട്ട് ഫോൺ ഉപയോഗിച്ചുള്ള തിരയലുകൾക്കും ഇതു ബാധകം തന്നെ. അതിൽ തന്നെ other Google Activity -> Location History -> View Timeline എന്ന ക്രമത്തിൽ നാം എവിടെയൊക്കെ സന്ദർശിച്ചുവെന്ന കാര്യവും രേഖപ്പെടുത്തിയിട്ടുണ്ടാവും . കൂടാതെ , നമുക്ക് നെറ്റ് സംവിധാനം നൽകുന്ന ബിഎസ്എൻഎൽ, ജിയോ , വോഡഫോൺ-ഐഡിയ, എയർടെൽ പോലുള്ള ഐഎസ്പി (Internet Service Provider ) കൾ ഇതു സംബന്ധിച്ച കൃത്യമായ ലോഗുകൾ സൂക്ഷിക്കുന്നുണ്ട്.

# കാണുന്നതെല്ലാം എടുക്കാമോ?

എന്താവശ്യത്തിനാണെങ്കിലും , ടെക്സ്റ്റുകൾ , ചിത്രങ്ങൾ , രേഖകൾ ,സംഗീതം, വീഡിയോ എന്നിങ്ങനെ തിരച്ചിലിൽ കണ്ണിൽപ്പെട്ടതെല്ലാം ഡൗൺലോഡ് ചെയ്തെടുക്കുന്ന സ്വഭാവമുണ്ടോ?

വലിയ ശിക്ഷ ലഭിക്കാവുന്ന തെറ്റാണതെന്ന് നാം അറിയണം ഉടമസ്ഥന്റെ അനുവാദമില്ലാതെ അവയൊന്നും കോപ്പി / ഡൗൺലോഡ് ചെയ്യരുത്.എന്നാൽ ക്രിയേറ്റീവ് കോമൺസ് പോലുള്ള ലൈസൻസിൽ അപ്‌ലോഡ് ചെയ്യപ്പെട്ടവ മതിയായ കടപ്പാടുനൽകി നമുക്ക് പുനരുപയോഗിക്കാം . വിക്കീപീഡിയ / വിക്കിമീഡിയ പോലുള്ള സന്മനസ്സുള്ളവരുടെ കൂട്ടായ്മകളിൽ നിന്നും ഇങ്ങനെ നമുക്ക് വിഭവങ്ങൾ ശേഖരിക്കാം . കടപ്പാട് നൽകണമെന്നുമാത്രം



ഗൂഗിളിൽ ഒരു ചിത്രം തിരയുമ്പോൾ Image-> Tools-> Usage rights എന്നിങ്ങനെ കടന്നുപോയാൽ, പുനരുപയോഗിക്കുവാനും മാറ്റം വരുത്തി ഉപയോഗിക്കുവാനും അവകാശമുള്ള ചിത്രങ്ങളിലേക്ക് നമ്മുടെ തിരച്ചിലിനെ പരിമിതപ്പെടുത്താം.

യൂട്യൂബിൽ വീഡിയോ തിരയുമ്പോൾ FILTER->Features->

Creative Commons വഴിയും അത്തരം വീഡിയോകൾ കണ്ടെത്താം

## ഗൂഗിൾ സെർച്ചിങ് ടിപ്സ്

ഇന്റർനെറ്റിലൂടെയുള്ള തിരച്ചിൽ എളുപ്പമാക്കുന്ന ചില മാർഗങ്ങൾ ഓർത്തുവയ്ക്കുന്നത് പ്രയോജനം ചെയ്യും

* Settings-> Advaced Search-> Narrow your result by......എന്നിങ്ങനെ നമ്മുടെ തിരച്ചിലുകൾ കൂടുതൽ കാര്യക്ഷമമാക്കാം,

* തിരച്ചിൽഫലങ്ങളിൽ നിർദ്ദിഷ്ടയിനം ഫയലുകൾ മാത്രം പ്രത്യക്ഷപ്പെട്ടാൽ മതിയെങ്കിൽ keyword filetype:<file extension> എന്ന രീതിയിൽ തിരച്ചിൽ പരിമിതപ്പെടുത്താം .

ഉദാ:-indianflag filetype:png എന്ന തിരച്ചിൽ png ചിത്രങ്ങൾ മാത്രം നൽകും

*ഒരു പ്രത്യേക വാക്കിന്റെയോ പ്രയോഗത്തിന്റെയോ നിർവചനം ലഭിക്കാൻ define എന്ന് ചേർത്താൽ മതി.

ഉദാ:-define socialism

* ഒരു ഗണിതക്രിയയുടെ ഉത്തരം ലഭിക്കാൻ നേരിട്ട് ആ ക്രിയ സെർച്ച് ചെയ്താൽ മാത്രംമതി

ഉദാഃ-1678+1234



# തെംസ്നദിയോട് (കവിത)

ആരോ പറയുന്നു തെംസ്നദീ, നിന്നോടു
മൂകാനുരാഗം കലർന്നൊരാൾ വന്നുപോൽ
ആകെയിരുണ്ടു തളർന്നിഴയുന്ന നിൻ
യാതന കണ്ടാ മിഴികൾ നിറയവേ

രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന
നെഞ്ചത്തു വീണപോൽ ,അത്ഭുതം! പെട്ടെന്നു
പുഞ്ചിരിക്കൊള്ളാൻ തുടങ്ങിപോൽ തെംസ്നദി!
ആ രാഗമല്ലലായ് ,ദീപ്രമാം യത്നമായ്-
ത്തീരവേ രണ്ടു കരങ്ങളൊരായിരം
ധീരഹസ്തങ്ങളായ് മാറി , നിൻ നിർജീവ-
വാരിയെക്കോരിക്കവുകിയെടുത്തുപോൽ!

ഇന്നു നീ വീണ്ടും ചിരിച്ചൊഴുകുന്നപോൽ!
നിൻമാറിലന്നങ്ങൾ വന്നിറങ്ങുന്നപോൽ
തൂമലർമൊട്ടുപോൽ പിന്നെയും നിൻ പ്രിയ
സാമൺ തുടിച്ചു വിടർന്നുകളിപ്പപോൽ

**-സുഗതകുമാരി**



# സ്വർഗത്തിലെ മാലാഖ (കഥ)

ഒരു ഗ്രാമത്തിൽ ഒരു മരം വെട്ടുകാരനും അയാളുടെ ഭാര്യയും താമസിച്ചിരുന്നു. ഇരുവർക്കും ഒരു കുഞ്ഞിനെ കിട്ടാൻ അവർ വർഷങ്ങളോളം പ്രർത്ഥിച്ചു.ഒരു ദിവസം മരം വെട്ടുകാരൻ ഒരു മരം വെട്ടി.ആ മരത്തിൽ നിന്നും ഒരു മാലാഖയും അവളുടെ കയ്യിൽ ഒരു കുഞ്ഞുമുണ്ടായിരുന്നു.മാലാഖ കുഞ്ഞിനെ കയ്യിൽ കൊടുത്തിട്ട് പറഞ്ഞു"ഈ കുഞ്ഞിനെ നിങ്ങൾ എടുത്തോളൂ ഒരുപക്ഷേ നിങ്ങൾക്ക് അവളെ വളർത്താനുള്ള ചിലവ് കുറഞ്ഞാൽ അല്ലെങ്കിൽ ബുദ്ധിമുട്ടായാൽ നിങ്ങൾ അവളെ ഈ സ്ഥലത്ത് തന്നെ കൊണ്ടുവരിക.”

ഇതു കേട്ട മരം വെട്ടുകാരൻ സന്തോഷത്തോടെ വീട്ടിലേക്ക് തിരിച്ചു.അവർ സന്തോഷത്തോടെ ജീവിച്ചു.പക്ഷേ കുറച്ചു കാലം കഴിഞ്ഞപ്പോൾ അവർക്ക് വയസ്സായി ജോലി ചെയ്യാനൊന്നും കഴിയാതായി. അവരുടെ കുഞ്ഞുന് അഞ്ചുവയസ്സ് പ്രായമായിരുന്നു.അവർ കുഞ്ഞിനെ മാലാഖയുടെ കയ്യിലേൽപ്പിച്ചു.

മാലാഖ അവളെയുമായി ആകാശത്തിലെ വെൺമേഘകൊട്ടാരത്തിലേക്ക് കൊണ്ടുപോയി.അവർഅവിടെ സുഖമായി ജീവിച്ചു.

ഒരുദിവസം മാലാഖ അവളോട് പറഞ്ഞു ഞാൻ ഒരു സ്ഥലം വരെ പോവുകയാണ് ".മൂന്ന് ദിവസം കഴിഞ്ഞാൽ ഞാൻ തിരിച്ചു വരും. അവൾക്ക് പതിനേഴ വയസ്സ് പ്രായമായിരുന്നു."മാലാഖ അവളുടെ ഒരു ദാസിയെ അവളുടെ അടുത്താക്കി പോയി .പോകുന്നതിനുമുമ്പ് മാലാഖ അവളോട് ഒരു കാര്യം പറഞ്ഞു "നിനക്ക് ഈ കൊട്ടാരത്തിലെ പത്തൊൻപത് മുറികളും പോയിക്കാണാം.പക്ഷേ ഇരുപതാമത്തെ മുറി നീ ഒരിക്കലും തുറക്കരുത് ,അങ്ങനെ നീ ചെയ്താൽ നിന്നെ ഞാൻ  ഭൂമിയിൽ കൊണ്ടാക്കും."
അവൾ ഇരുപതാമത്തെ വാതിൽ തുറന്നു .അവിടെ കുറേ മാലാഖമാർ രക്തത്തിൽ കുളിച്ചിരിക്കുന്നു.അവൾ വേഗം ആ വാതിൽ അടച്ചു.മാലാഖ പോയി വന്നു ,എന്നിട്ട് അവളോട് ചോദിച്ചു നീ ആ ഇരുപതാമത്തെ മുറി തുറന്നു അല്ലേ.അവൾ പറഞ്ഞു ഇല്ല ഞാൻ തുറന്നില്ല .അവളെ മാലാഖ ശപിച്ചു."അവൾ ഒരു കൊല്ലത്തോളം ഊമയായിരിക്കും ."ഇങ്ങനെ പറഞ്ഞ് മാലാഖ അവളെ ഭൂമിയിൽ കൊണ്ടാക്കി.അത് ഒരു കൊടും കാടായിരുന്നു.

അവൾ ഒരു മരത്തിന്റെ മേൽ കയറിയുരുന്നു.ഒരു രാജകുമാരൻ വന്നു അവളെ കൊട്ടാരത്തിലേക്ക് കൊണ്ടുപോയി. രാജകുമാരൻ അവളോട് സഹതാപം തോന്നി.അവളെ അവൻ വിവാഹം ചെയ്തു.കുറേകാലം അവർ ജീവിച്ചു.ഒരു ദിവസം അവർക്ക് ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും ജനിച്ചു.അതിനെ രണ്ടിനേയും മാലാഖ കൊണ്ടുപോയി ജനങ്ങൾ രാജകുമാരനോട് പറഞ്ഞു."ഇവൾ ഒരു മന്ത്രവാദിയാണ്,ഇവൾ കുട്ടികളെയെല്ലാം കൊല്ലുന്നുണ്ട്."അവൾക്ക് വധശിക്ഷക്കൊടുത്തു.

അവളെ തീകുണ്ഡത്തിലേക്ക് ഇടാൻ നിൽക്കുമ്പോൾ. അവൾ അവളുടെ മനസ്സിൽ പറഞ്ഞു."മാലാഖയമ്മേ...ഞാൻ ഇരുപതാമത്തെ വാതിൽ തുറന്നിരുന്നു."പെട്ടന്ന് തന്നെ മാലാഖ രണ്ട് കുഞ്ഞുങ്ങളുമായി വന്നു. അവൾക്ക് ഒരു കൊല്ലം തികയുന്ന ദിവസമായിരുന്നു.അവൾക്ക് സംസാരം തിരിച്ചു കിട്ടി. അവൾ നടന്ന കാര്യം രാജാവിനോടും,റാണിയോടും,

അവിടെയുണ്ടായിരുന്ന ജനങ്ങളോടും ഒപ്പം തന്നെ ജീവനുതുല്യം സ്നേഹിച്ച ഭർത്താവിനോടും പറഞ്ഞു.രാജകുമാരനു തന്റെ ഭാര്യയെ ശിക്ഷിക്കുന്നതുന് തീരെ താൽര്യമില്ലായിരുന്നു. അവർക്ക് സന്തോഷമായി ,അവളോട് മാലാഖ പറഞ്ഞു ''നീ ആ മുറി തുന്നിട്ടുണ്ടെങ്കിലും തുറന്നിട്ടില്ലെങ്കിലും എനിക്ക് കുഴപ്പമില്ലായിരുന്നു.പക്ഷേ നീ അന്ന് കള്ളം പറഞ്ഞതുകൊണ്ടാണ് നിനക്ക് ഇങ്ങനെയുള്ള സാഹചര്യങ്ങൾ സംഭവിച്ചത്.''അവൾക്ക അവരുടെ ആ രണ്ടുകുട്ടികളെയും തിരിച്ചു കൊടുത്തു.പിന്നീട് അവർ സന്തോഷത്തോടെ ജീവിച്ചു

**-സഫ്ന ഷെറിൻ 8:B**

# എന്റെ പൂമരം (കവിത)

ഇന്ന് എന്റെ ആയുസ്സിൽ ഒന്നു
കുറഞ്ഞിരിക്കുന്നു.
എന്നാൽ നിന്റെ ചില്ലയിൽ ഒന്ന്



നീ പൂത്തു നിക്കുന്ന നേരം
എന്നുള്ളിലെ പ്രകാശം വിടരുന്നു.
നീ ഒന്ന് വിടരാതെ നിന്നാൽ
അന്നെന്റെ മുഖത്തു ഖിന്നം

നീ ധരണിയിൽ നിന്റെ വേരിറങ്ങുമ്പോൾ
എന്റെ മനസ്സ് തളിർക്കുന്നു.
തനിച്ചിരിക്കുന്ന നേരത്ത് ഞാനാശയം തേടി
നിന്റെ ചാരത്ത് എത്തുവേ.........

ഗേൾസ് എച്ച് എസ് എസ് വളാഞ്ചേരി

നീ എന്നെ ശത്രുവായി കാണാതെ
നീ മൊട്ടിട്ട പൂമൊട്ടുകൾ വിടർത്തി
നീ എനിക്ക് തണലായി നിന്നു
കുഞ്ഞിലെ വിടപറഞ്ഞയെന്നമ്മക്ക്
പകരമായി നീ എന്റെ
ചാരത്തു നിന്നു

നിന്റെ തടിയിലെ ഓരോ കുത്തും
എന്റെ മനസ്സിലെ ഓരോ മുറിവുകളാണ്
നിന്റെ വേര് വലിച്ചെടുക്കുന്ന ഓരോ
ജീവജാലവും എന്റെ കണ്ണിലെ കണ്ണുനീരാണ്.
നിന്റെ ചില്ലയിൽ വെയിലിറങ്ങുമ്പോൾ
നൊന്തിടുന്നെൻ മനം

ഞാൻ തനിച്ച് ഇരിക്കാറുള്ളടതെല്ലാം
നിന്റെ പുഷ്പങ്ങൾ പൊഴിക്കുന്നു നീ
എന്റെ ജീവിത തണലായി ഞാൻ നിന്റെ
ആശയം തേടുന്നു
നൽകുമെൻ പൂമരമേ നിൻ
മറുപടി , ഞാൻ കാത്തിരിക്കുന്നു.
നിൻ മറുപടിക്കായ്.............

**-ഷഫ്ന ഷെറിൻ.എ.വി 8:B**




# പോൾ അലൻ(ജീവചരിത്രക്കുറിപ്പ്)

ചരിത്രം നൽകിയ അവസരം ഉപയോഗിച്ചു എന്നതാണ് പോൾ അലന്റെ നേട്ടം .1974 ൽ വാഷിങ്ടൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് പഠനം പാതിവഴിയിലുപേക്ഷിച്ചിറങ്ങിയതാണ്  അലൻ .ഹണിവെൽ എന്ന കമ്പനിയിൽ ജോലി ചെയ്യുമ്പോഴാണ് ബിൽ ഗേറ്റ്സിനെ കണ്ടുമുട്ടുന്നത് . ഹാർവഡ് യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥിയായിരുന്ന ഗേറ്റ്സിനെ പഠനമുപേക്ഷിച്ച് വരാൻ അലൻ പ്രേരിപ്പിച്ചു. പേഴ്സണൽ കംപ്യൂട്ടിങ് രംഗത്തുണ്ടകാനിരിക്കുന്ന വിപ്ലവം മുന്നിൽ കണ്ടായിരുന്നു ഇത്.

ഒടുവിൽ,1975 ൽ ഗേറ്റസും കോളജ് വിട്ടിറങ്ങി. ഇരുവരും ചേർന്ന്, അന്നത്തെ ആൾട്ടെയർ 8800 എന്ന ഭാരമേറിയ ഡസ്ക്ടോപ് കേംപ്യൂട്ടറിന് സോഫ്റ്റവയർ നിർമിക്കാനാരംഭിച്ചു.

ആൾട്ടെയറിന്റെ ആസ്ഥാനമായ ന്യൂ മെക്സിക്കോയിലെ അൽ ബുക്കർക്കിൽ അവർ സ്വന്തം കമ്പനിക്കു രൂപം കൊടുത്തു - മൈക്രോ കംമ്പ്യൂട്ടറുകൾക്കുള്ള സോഫ്റ്റ്വയർ വികസിപ്പിക്കുന്ന കമ്പനിക്ക്

രണ്ടുവാക്കുകളും ചേർത്ത് **മൈക്രോ-സോഫ്റ്റ്** എന്നു പേരിട്ടത് അലനായിരുന്നു.

മൈക്രോസോഫ്റ്റിന്റെ ആദ്യ 8 വർഷം സാങ്കേതിക കാര്യങ്ങളുടെ ചുമതല അലനായിരുന്നു.

എംഎസ് ഡോസ് , എംഎസ് വേഡ് തുടങ്ങിയ ആദ്യകാല സോഫ്റ്റ്‌വയറുകൾ വികസിപ്പിച്ചത് അദ്ദേഹമാണ്.

അങ്ങനെ പഴ്സനൽ കംമ്പ്യൂട്ടർ വിനോദ ഉപാധി എന്നതിൽ നിന്നു സാധാരണക്കാർ വരെ ഉപയോഗിക്കുന്ന സാങ്കേതികവിദ്യയാക്കി മാറ്റുന്നതിൽ നിർണായക പങ്ക് വഹിച്ചു അദ്ദേഹം.

'പുതിയ ഉൽപന്നങ്ങൾ കണ്ടെത്തുന്നതിലും സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിലും അലന് സ്വന്തം ശൈലി ഉണ്ടായിരുന്നു.തികച്ചും ശാന്തമായ രീതി' - മൈക്രോസോഫ്റ്റ് സിഇഒ സത്യ നാദെല്ല പറയുന്നു.

ബിൽ ഗേറ്റ്സിന്റെ 'കച്ചവടമിടുക്ക് 'അലനില്ലായിരുന്നു.

കംമ്പ്യൂട്ടർ വിപ്ലവം യഥാർഥ്യനാക്കുക എന്ന സ്വപ്നത്തിനു പിന്നാലെയായിരുന്നു അദ്ദേഹമെങ്കിൽ , മൈക്രോസോഫ്റ്റിനെ ഭീമൻ കോർപറേറ്റ് കമ്പനിയാക്കി മാറ്റുന്നതിൽ വിജയിച്ചത് ബിൽ ഗേറ്റ്സായിരുന്നു. എന്നാൽ , അതിനു മുമ്പ് 1982 ൽ, ഗേറ്റ്സും അദ്ദേഹത്തിന്റെ പുതിയ സഹായി സ്റ്റീവ് ബാൽമറുമായുള്ള അഭിപ്രായ വ്യത്യാസങ്ങളെത്തുടർന്നു അലൻ കമ്പനി വിട്ടു.

2011 ൽ പുറത്തുവന്ന അലന്റെ ഐഡിയ മാൻ എന്ന ഓർമകളുടെ പുസ്തകത്തിൽ ഗേറ്റസും ബാൽമറും നടത്തിയ ഗൂഢാലോചനയെക്കുറിച്ചു പറയുന്നുണ്ട്. ഇരുവരും പിന്നീട് അലനോട് മാപ്പ് പറഞ്ഞിരുന്നു.

സ്ഥാപനം വിട്ടെങ്കിലും 2000 വരെ മൈക്രോസോഫ്റ്റ് കമ്പനിയുടെ ബോർഡിൽ അലനുണ്ടായിരുന്നു.

1982 ൽ തന്നെ അലനെ കാൻസർ ബാധിച്ചിരുന്നു. മൈക്രോസോഫ്റ്റ് വിടുമ്പോൾ സമ്പത്തിന്റെ നല്ല പങ്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നീക്കി വച്ചു. സിയാറ്റിലിനെ സാംസ്കാരിക കേന്ദ്രമാക്കി മാറ്റുന്നതിലും പങ്കുവഹിച്ചു.

2030 കോടി ഡോളർ ആസ്തിയുള്ള അലൻ , 2003 ൽ അലൻ ഇമ്ടസ്റ്റിറ്റ്യൂട്ട്സ് ഓഫ് സയൻടിഫിക് റിസർച് സ്ഥാപിച്ചു . യുഎസ് സ്പോട്സ് ടീമായ സിയ്റ്റിൽ സീ ഹോക്ക്സ് , പോർട്ട്ലൻഡ്ട്രെയർ ബ്ലാസ്റ്റേഴ്സ് എന്നിവയ്ക്കും രൂപം നൽകി .

ലോകത്തിലെ ഏറ്റവും വലിയ വിമാനം നിർമിച്ച സ്ട്രാറ്റോ ലോഞ്ചിന്റെ സ്ഥാപകനും അലനാണ് . കാലിഫോർണിയയിലെ മൊജാവേ എയർ ആൻഡ് സ്പേസ് പോർട്ടിൽ പരീക്ഷണത്തിലാണ് ഈ വിമാനം

# നാലിതൾപ്പൂവ് (കവിത)

കുട്ടനൊരോമനപ്പൊൻപനിനീർച്ചെടി
മുറ്റത്തു നട്ടുനനച്ചിരുന്നു.
പൊട്ടിത്തഴച്ചുതളിർത്തിളം കമ്പുകൾ
മുറ്റി വളർന്നതു മൊട്ടണിഞ്ഞു.

ആരുമറിഞ്ഞതില്ലക്കരുമൊട്ടിലുൾ-
ച്ചേരുന്ന ചാരുരഹസ്യമൊന്നും.
ഉച്ചിക്കുടുമയും പാറിച്ചുനിൽക്കുന്ന
കൊച്ചനെന്താവുമെന്നാർ ഗണിക്കും?

കുട്ടനു മാത്രമുണ്ടെന്തോ ചിലതിങ്ങു
പൊട്ടിവീണേക്കുമെന്നുള്ള ഭാവം,
പേടിയും ഹർഷവുമിത്തിരി ധാർഷ്ട്യവും
കൂടിക്കലർന്നോരിടയിളക്കം.

ആദ്യത്തെ മൊട്ടിന്നു ചുണ്ടുചോന്നി.ല്ലവ-
ന്നായിരം പൂക്കൾ വിരിഞ്ഞിതുള്ളിൽ,
ആയിരം പൂക്കാലമൊപ്പമെത്തീ പാരി-
ലാദ്യത്തെപ്പൂവൊന്നു കൺമിഴിക്കെ.
കമ്പം പിടിച്ചൊരു പൂമ്പുലരിക്കെന്തൊ-
രിമ്പാമാ മുറ്റത്തു നൃത്തമാടാൻ!
അമ്പിളിക്കീറിന്നു പോകുവാനുണ്ടഴ,-
ലംബരത്തിണ്ണയിൽപറ്റിനിന്നൂ.

ആർപ്പും വിളിയുമായെത്തീ കളകള-
മാകാശത്തഞ്ചിതഗീതകങ്ങൾ
കൊഞ്ചിക്കുഴഞ്ഞിതാ തപ്പുകൊട്ടും കുനു



പൂഞ്ചിറകേലുവോർ നാലുപാടും.

കുട്ടനാ മുറ്റത്തിളംവെയിലിൽത്തന്നെ
പൊട്ടിത്തരിച്ചു കുളിർത്തുനിന്നു,
മൂത്തവരാരാനുമാവഴി ചെല്ലുകിൽ
മറ്റൊരു പൂവന്നേ സങ്കൽപ്പിയ്ക്കു

ആ മലർത്തൊത്തിലെക്കാന്തിപ്രവാഹത്തെ,
ആ മുഗ്ധസൗന്ദര്യമാധുരിയെ,
അത്തുടുത്തോരിതൾച്ചാർത്തിൻ പതുപ്പിനെ ,
ആയിളം മഞ്ഞയാമല്ലികളെ

ഓരോന്നുമോരോന്നും പേർത്തവനാസ്വദി-
ച്ചാനന്ദമൂർച്ഛയിലാണ്ടുനിൽക്കെ,
ആ വഴി പോന്നവന്നെത്തിനാരുത്സാഹം
തേവിത്തുളുമ്പും കിടാങ്ങളേറെ

പൊന്നിൻ തളികപോലെത്തുടുവെയ്‌ലത്തു

മിന്നിത്തിളങ്ങും മനോജ്ഞതയെ.
കാണുമെ വാഴ്ത്തുമോ , വാഴ്ത്തുമ്പോൾ തൽഗുണ-
ശ്രേണിയിൽ വല്ലതും വിട്ടുപോമോ?

വിട്ടുപോയീലൊന്നുമക്കുട്ടർ കണ്ടെത്തി,
കുറ്റപ്പെടുത്തേണ്ടും കോപ്പുകൂടി
പൂ നന്ന് -നന്നെന്ന രണ്ടക്ഷരങ്ങളിൽ-
ത്താനൊതുങ്ങീടാഗ്ഗുണങ്ങളെന്തോ?-

സൗന്ദര്യബോധമോ, ശിൽപസാമർഥ്യമോ,
മന്ദേതരശ്രമശാലിതയോ?
കുട്ടനാ  നന്നിനെ വേണമെന്നുണ്ടെങ്കിൽ
മിഠായിപോലെ നുണച്ചിരിക്കാം!

പക്ഷേ തുടർന്നവർ നേരു കണ്ടെത്തുന്നു,-
ണാക്ഷേപിച്ചാലല്ലേ യോഗ്യരാവൂ?
പള്ളിക്കൂടത്തിലെ തോട്ടക്കാരൻതന്നോ-
ടല്ലയോ നീയിതിൻ കമ്പു നേടി?

ആ വിടർന്നാടുന്ന സൗന്ദര്യപൂരത്തി-
ന്നാലസൽ സൗരഭ്യധോരണിക്കും
നല്ലോരുടമ, നിരൂപകദൃഷ്ടിയിൽ
പള്ളിക്കൂടത്തിലെ തോട്ടക്കാരൻ!

പൂക്കളുണ്ടാക്കുവാനായാൾക്കെഴും വിരു-
തക്കമാരന്മാരെടുത്തു വാഴ്ത്തി.
മ്ലാനമായീലതാൻ കുട്ടന്റെ രുമുഖം,
താനുമാ വൃദ്ധനെ വാഴ്ത്തിടുന്നോൻ.

അപ്പുറമിത്തിരിക്കുടിയും കണ്ടവൻ

പൂക്കൾതൻ നിർമാണപ്രക്രിയയിൽ.
തൻ കലാകൗശലപ്പൂങ്കൊടിക്കുറപോ-
ലങ്കമത്തെന്നലിൻ ഡോളയിങ്കൽ

പുഞ്ചിരി പെയ്തുപെയ്തഞ്ചിതമാടിടും
പിഞ്ചലരിൻ തുടുപ്പൂങ്കവിളിൽ
സാകൂതം നോക്കിച്ചിരി,ച്ചഭിപ്രായക്കാ-
രാകെപ്പതുങ്ങുമാറേവമോതി,

പണ്ടൊരു കാട്ടിലെ കാട്ടാളനാണലർ-
ച്ചെണ്ടുളവാം കമ്പൊടിച്ചുകുത്തി
തോകാതിശായിയാം സൗന്ദര്യമേലുന്ന
നാലിതൾപ്പൂ  വിരിയിച്ചതാദ്യം

അക്കമ്പിൻതുമ്പുകൾ കൈവന്നോരായതി-
ലുൾക്കളപ്പൂക്കളാവിഷ്കരിപ്പൂ
പള്ളിക്കൂടത്തിലെത്തോട്ടക്കാരൻ ചെടി-
ച്ചുളളികൾ സൃഷ്ടിച്ചതാരറിഞ്ഞൂ?

**കാവിലെ പാട്ട് (ഇടശ്ശേരി ഗോവിന്ദൻനായർ)**



# വെണ്ണക്കൽ പ്രതിമ (കഥ)

ഒരിക്കൽ ഒരു മനുഷ്യൻ  തന്റെ കൃഷിയിടത്തിൽ നിന്ന്  അതിമനോഹരമായ ഒരു വെണ്ണക്കൽപ്രതിമ കുഴിച്ചെടുത്തു.സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയിതിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു.അയാൾ ആ പ്രതിമയെ ഒരു വലിയ തുകയ്ക്കു സൗന്ദര്യാസ്വാദകനു വിറ്റു.

പണവുമായി വീട്ടിലേക്ക് മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി:ഈ പണം എന്തുമാത്രം ജീവിതസൗകര്യങ്ങളാണ് നൽകുന്നത്! എല്ലാവരാലും അനഗണിക്കപ്പെട്ട ആയിരത്തോളം വർഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞുകിടന്നിരുന്ന ഒരു മൃതശിലാഖണ്ഡത്ചിനു പകരമായി ഇതാരമാത്രം പണം നൽകി ഏതു വിഡ്ഢി വിലയ്ക്കുവാങ്ങും?

അപ്പോൾ തന്റെ കൈക്കലെത്തിച്ചേർന്ന പ്രതിമയിലേക്കു നോക്കി സൗദര്യാസ്വദകൻ ഇങ്ങനെ ചിന്തിക്കുകയായിരുന്നു:എന്തൊരു

സൗന്ദര്യം ! എന്തൊരു ജീവപ്രകാശം! ആയിരം വർഷങ്ങളുടെ നിർമ്മലമധുരമായ നിദ്രക്കുശേഷം എന്റെ കൈകളിലെത്തിച്ചേർന്നിരിക്കുന്നത് ഏത് ആത്മാവിന്റെ സ്വപ്നമാണ് ! മൃതവും സ്വപ്നരഹിതവുമായ പണത്തിനു പകരമായി ഇതിനെ കൈമാറാൻ ആർക്കു തോന്നും?

**-പുരോഗമി (ഖലീൽ ജിബ്രാൻ)**

# **കാലം** (വായനാക്കുറിപ്പ്)

എം.ടി വാസുദേവൻനായർ ആ നാമം തന്നെ നമ്മൾക്ക് സന്തോഷം നൽകുന്ന ഒന്നാണ്. മലയാളസാഹിത്യത്തിന്റെ ജീവിച്ചിരിക്കുന്ന ഇതിഹാസം അതാണ് നമുക്ക് എം.ടി സാഹിത്യകാരനായും തിരക്കഥകൃത്തായും സംവിധായകനായും തിളങ്ങിയ അദ്ദേഹം ഇന്നും നമ്മെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഓരോ രചനകളും അതിലെ ഓരോ വരികളും പ്രത്യേകം പ്രത്യേകം വർണനകൾ അർഹിക്കുന്നു .അദ്ദേഹത്തിന്റെ എല്ലാ രചനകളും ആസ്വദിച്ചു ഗ്രഹിക്കാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചില്ല, എങ്കിലും ഈ അടുത്ത കാലത്തായി അദ്ദേഹത്തിനു



1970-ൽ സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത **കാലം** എന്ന എം.ടി യുടെ എക്കാലത്തെയും മികച്ചവയിൽ ഒന്നായ ആസ്വദകർ വാഴ്ത്തിയ നോവൽ വായിക്കാനുള്ള ഭാഗ്യമുണ്ടായി. അതിൽ ഞാൻ എന്റെ എം.ടി ആരാധികയായ എന്റുമ്മയോട് നന്ദി പറയാൻ ആഗ്രഹിക്കുന്നു . 1960-കളുടെ ആദ്യങ്ങളിൽ ആണ് കഥ തുടങ്ങുന്നത് , ദാരിദ്രത്തിന്റെയും ബാധ്യതകളുടെയും ഇടയിൽ നട്ടം തിരിയുന്ന നായകൻ സേതുമാധവന്റെ കഥയാണ് **കാലം** പറയുന്നത് അയാളുടെ ജീവിതത്തിൽ കടന്നു വരുന്ന മൂന്ന് സ്ത്രീകളെ പറ്റിയും ഈ നോവലിൽ പരാമർശിക്കുന്നു.ഓരോ വ്യക്തകളും കഥാനായകന്റെ ജീവിതത്തിൽ വരുത്തുന്ന വ്യതിയാനങ്ങളും കഥാകാരൻ പറഞ്ഞു വെക്കുന്നു. എം.ടിയുടെ ആത്മകഥാംശപരമായ നോവൽ ആണ് **കാലം** നിളയും, വിക്ടോറിയയും, ഒലവക്കോടും, നെൽപ്പാടങ്ങളും,ഇല്ലവും


അങ്ങനെ നമ്മുടെ നെൽകലവറയായ പാലക്കാടിന്റെ പച്ചയായ ചിത്രം എഴുത്തുകാരൻ തുറന്നുകാട്ടുന്നു.നിഷ്കളങ്കതയും ഗ്രാമീണതയുടെ നൈർമല്യവുമുള്ള പല കഥാപാത്രങ്ങളെയും ഈ നോവലിൽ കാണാം , അവരെല്ലാം തന്നെ ജീവിച്ചിരക്കുന്നവരാണ് .അല്ലെങ്കിൽ ഇന്നും ജീവിച്ചിരിക്കുന്നവരാണ്.ഓരോ യുവാക്കളിലും ഓരോ സേതു ഉണ്ടെന്ന് ഈ നോവൽ വായിക്കുന്നവർക്ക് പെട്ടെന്ന് മനസ്സിലാക്കാം കാലത്തിന്റെ ഗതിവിഗതികൾ സേതുവിന്റെ ജീവിതത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ നമ്മുടെ മനസ്സിനെ മറ്റൊരു തലത്തിലേക്ക് എത്തിക്കാൻ പോന്നവയാണ് . എവിടെ നിന്നാണോ തുടങ്ങിയത് അവിടത്തന്നെ സേതു അവസാനം എത്തിച്ചേരുന്നു. അവന്റെ ഉള്ളിലുള്ള സങ്കടത്തെ അവനെങ്ങനെ കണ്ടില്ല എന്ന് നടിക്കാൻ പറ്റും ? നോവലിന്റെ അവസാനം സേതുവിന്റെ ജീവിതം മറ്റൊരു കാലത്തിലേക്ക് യാത്ര നടത്തുകയാവാം കാലം എന്ന ഫയർമാനോട് മൽപിടുത്തം കൂടി അവസാനം അടിയറവ് വെക്കുന്ന സേതുവിനോട് സഹതാപവും തിളങ്ങുന്ന കണ്ണുകൾ ഉള്ള കാലം കാർന്നുതിന്ന സുമിത്രയോട് എന്തന്നില്ലാത്ത മമതയും തോന്നിപ്പോകും കാലചക്രത്തിന്റെ തിരിയലിനപ്പുറം തേഞ്ഞു തീർന്നുകൊണ്ടിരിക്കുന്ന എത്രയോ സേതുവും സുമിത്രയും നമ്മുടെയിടയിലിപ്പോഴും ജീവിക്കുന്നു. വീണ്ടും എം.ടിയുടെ എഴുത്തുകൾക്കും മാത്രം നൽകാൻ കഴിയുന്ന അനുഭൂതുയുടെ നിറവിൽ ഞാൻ ഒരു മനുഷ്യആയുസ്സിൽ വന്നുചേരുന്ന വിവിധ വർണങ്ങളിലുള്ള ചുറ്റുപാടുകൾ........ സൗന്ദര്യം ഉള്ളതും ഇല്ലാത്തതുമായ ചിത്രങ്ങൾ അവസാനം രക്തം വാർന്നു മണ്ണിലേക്ക് അടിയുന്ന ശരീരവും രാവിലെ വർഷങ്ങൾക്ക് ശേഷം അമ്പലത്തിലൊന്ന് പോയി തൊഴണമെന്ന് മനസ്സിൽ കരുതി.കുട്ടിക്കാലത്തു എന്നോ പ്രാർത്തിച്ചതാണ് .വീണ്ടും അമ്പലനടയിൽ ഭക്തനായി ചെന്ന് നിൽക്കുമ്പോൾ എന്താണ് പ്രാർത്ഥിക്കേണ്ടത് ഒന്നും പ്രാർത്ഥിക്കാനായില്ല .ഒരേ ഒരു പ്രാർത്ഥന മാത്രം ഒരിക്കൽ കൂടി ഒരവസരം തരൂ.മലയാള സാഹിത്യത്തിന് നെറുകയിൽ ചാർത്താവുന്ന തിലകമാണ് എം.ടിയുടെ രചനകൾ . കേരളത്തിലെ നാട്ടിൻപുറങ്ങളുള്ളത്ര ത്തോളവും മനോഹരമായി എങ്ങനെ വർണിക്കാൻ സാധിക്കുന്നു എന്ന് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട് ഓരോ മണൽ തരികയെയും അതിന്റെ അന്തസ്സത്ത ഉൾക്കൊണ്ട് കഥാകാരൻ

ഉള്ളിലേക്ക് ആവാഹിച്ചെടുക്കുകയും വായനക്കാരന്റെ ഉള്ളിലേക്ക് പകർന്നുതരുകയും ചെയ്യുന്നു കാലത്തിന്റെ മറുകര തേടുന്ന മനുഷ്യന്റെ ജീവിത ഇതിഹാസമാണ് ഈ നോവൽ . കടന്നുപോകുന്ന ഓരോ പാതയിലും തന്റെ ഒരു അടയാളമെങ്കിലും അവശേഷിക്കാൻ ആഗ്രഹിക്കുന്ന മനുഷ്യൻ ഒടുവിൽ മുന്നിൽ കാണുന്നത് രക്തം വാർന്നു തീർന്ന മണ്ണിന്റെ മൃതു ശരീരമാണ് അയാൾക്ക് കൂട്ടായി സ്വന്തം നിഴലായി മാത്രം അവശേഷിക്കുന്നു. പച്ചയും ഈർപ്പവും അകന്നകലുന്ന നാടിന്റെ കഥയെ മനുഷ്യ കഥയിൽ മനോഹരമായി ലയിപ്പിച്ചിരിക്കുന്നു. ഈ നോവലിന്റെ നായകൻ എങ്കിലും ഉദയത്തിന്റ ഗോപുരങ്ങളിലേക്ക് നോക്കുന്നു.ആരും കാണാതെ വിടരുന്ന താമരപ്പൂക്കളുടെ ഒരു പൊയ്ക എവിടെയോ ഉണ്ടെന്ന് ആശ്വസിക്കുന്നു. മഴ വെള്ളം സ്വപ്നം കണ്ടുറങ്ങിയ പുഴ പോലെ ജീവിതത്തിന്റെ സമൃദ്ധികൾ കിനാവ് കണ്ടുകൊണ്ടിരിക്കെ കാലഗതിയുടെ കഥകൾ കേട്ടു നടുങ്ങിയ മനുഷ്യ ജന്മങ്ങളുടെ കഥ!  കാലത്തിന്റെ ആസുരിതമായ  കൈകൾ പിടികൊടുക്കാത്ത കലാകാരിയുടെ കയ്യൊപ്പായ എം.ടി യുടെ **കാലം**

**-ഫാത്തിമ ഷെറിൻ 9:B**

# പഠന മുഹൂർത്തങ്ങൾ









# ഒരു നിമിഷം.....

ജീവിതത്തിന്റെ എല്ലാ വിധത്തിലുള്ള മാറ്റങ്ങൾക്കും നമ്മൾസ്വയം പര്യപ്തരാകുക എന്നത് ആസൂത്രണത്തിലും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും നാം കൈവരിക്കുന്നത് വിദ്യാഭ്യാസ പ്രക്രിയയിലൂടെയാണ്. അതിന് ഞങ്ങൾ നൽകുന്ന ഒരു ചെറിയ പ്രവർത്തന പ്രക്രിയയാണ് "**നാമ്പ്**" . നാമ്പ് ഇവിടെ പരിപൂർണ്ണമല്ല എന്നറിയാം. ഇത് ഒരു തുടക്കം മാത്രമാണ് . അതു കൊണ്ട് തന്നെ പ്രവർത്തനങ്ങളിൽ പോരായ്മകൾക്ക് സ്ഥാനമുണ്ടാകാം അത് നൈമിഷികം മാത്രമായി കരുതുക.

കൂടുതൽ പുതുമയോടെ, സർഗ്ഗപ്രതിഭകളുടെ സോദാഹരണമായി ഇനിയും ഞങ്ങൾ മുന്നോട്ട്തന്നെയാണ്.പ്രോത്സാഹിപ്പിക്കുക,അനുഗ്രഹിക്കുക.

സ്നേഹപൂർവ്വം
മുഷ്രിഫ (9A)
ചീഫ് എഡിറ്റർ.